"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

കോവിഡ് 19 - പാലിന് ദൗർലഭ്യം നേരിടുന്ന ഡി.സി.സി.കളിലും സി.എഫ്.എൽ.ടി.സി.കളിലും പാൽ വിതരണം ചെയ്യാൻ നടപടി - നിർദ്ദേശങ്ങൾ നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.സി.) വകുപ്പ്**

**സ.ഉ.(സാധാ) നം.1036/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 24/05/2021

പരാമർശം:- 17.05.2021 ലെ കോവിഡ് വാർ റൂം പ്രതിദിന ഓൺലൈൻ മീറ്റിങ്ങിലെ തീരുമാനങ്ങൾ.

**ഉത്തരവ്**

പരാമർശ യോഗം, കേരളത്തിൽ പാലിന്റെ ഉപഭോഗം കുറഞ്ഞത് ഡയറി കർഷകരെ ബാധിച്ചിട്ടുള്ളതായി വിലയിരുത്തുകയും അതേസമയം പാലിന് ദൗർലഭ്യം നേരിടുന്ന ഡി.സി.സി.കളിലും സി.എഫ്.എൽ.ടി.സി.കളിലും ഇത് വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കാൻ തീരുമാനിക്കുകയുമുണ്ടായി. ഇത് പാലിന്റെ ഉപഭോഗം വർധിപ്പിക്കുകയും കുട്ടികൾക്ക്, വിശിഷ്യാ ആദിവാസി, പട്ടികജാതി, മത്സ്യത്തൊഴിലാളി വിഭാഗങ്ങളിലെ കുട്ടികൾക്ക്, ഗുണകരമാവുകയും കർഷകർക്ക് സഹായകരമാകുകയും ചെയ്യും എന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. സി.എഫ്.എൽ.ടി.സി./ഡി.സി.സി.കളുടെ തൊട്ടടുത്തുള്ള ക്ഷീര സംഘത്തിൽ നിന്നും ഗുണനിലവാരവും കോവിഡ് പ്രോട്ടോകോൾ ഉറപ്പ് വരുത്തിയും പാൽ എത്തിക്കുവാൻ സ്വന്തമായി സംസ്കരണ സൗകര്യമുള്ള സൊസൈറ്റികൾക്ക് മുൻഗണന നൽകാവുന്നതാണ്. ടി പാലിൻറെ വില അതാത് ഡി.സി.സി. / സി.എഫ്.എൽ.ടി.സി./സി.എസ്.എൽ.ടി.സി. നടത്തിപ്പുകാരിൽ നിന്നും ആഴ്ചയിൽ ക്ഷീര സൊസൈറ്റികൾക്ക് നൽകുവാൻ വേണ്ട നടപടികൾ എടുക്കാവുന്നതാണ്.

2. ഡി.സി.സി. ഉള്ള/തുടങ്ങുവാൻ കഴിയുന്ന പട്ടികവർഗ സങ്കേതങ്ങൾ, പട്ടികജാതി കോളനികൾ, മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾ എന്നിവിടങ്ങളിൽ തൊട്ടടുത്ത ക്ഷീര സംഘങ്ങളിൽ നിന്നും ഗുണനിലവാരമുള്ള പാൽ ആരോഗ്യ വകുപ്പിന്റെ അനുമതിയോടെ വിതരണം നടത്താവുന്നതാണ്,

3. ട്രൈബൽ കോളനികളിൽ കുട്ടികൾക്ക് പാൽ എത്തിക്കുന്നതിന് ലഭ്യമായ സന്നദ്ധപ്രവർത്തകരെ/ആദിവാസി-പട്ടികജാതി പ്രൊമോട്ടർമാരെ ഉപയോഗപ്പെടുത്താവുന്നതാണ്.

4. എന്നാൽ ഇടുക്കി പോലെ ക്ഷീരോത്പാദനം കൂടുതലുള്ള ജില്ലകളിൽ കോവിഡ് രോഗികൾ ഉള്ള കുടുംബങ്ങളിൽ ഉത്പാദിപ്പിക്കുന്ന പാൽ വിതരണം ചയ്യുന്നതു ക്ഷീരവികസന വകുപ്പിന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും നിദ്ദേശാനുസരണം ആയിരിക്കണം

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ആരോഗ്യ വകുപ്പ് ഡയറക്ടർ
എല്ലാ ജില്ലാകളക്ടർമാർക്കും (ശുചിത്വ മിഷൻ മുഖേന )
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/G&SSA/E&RSA) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ,

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ്അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സിഎയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സിഎയ്ക്ക്